ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ്,
പ്രജോ ടവേഴ്സ്, വഴുതക്കാട്,
തിരുവനന്തപുരം-14

നമ്പർ.ഇഎ1/13241/2009/ എച്ച്.ആർ.ഡി. തീയതി: 31-7-2012

## സർക്കുലർ

വിഷയം:- ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങളുടെ പരിസരം ശുചിയായി സംരക്ഷിക്കുന്നത് സംബന്ധിച്ച്.

.......

ഐ.എച്ച്.ആർ.ഡി. യുടെ കീഴിൽ വരുന്ന സ്ഥാപനങ്ങളിലെ സംഘടനകൾക്ക് ജീവനക്കാരെ ദൈനംദിന വിഷയങ്ങൾ സംബന്ധിക്കുന്ന കാര്യം, അറിയിക്കുന്നതിനായി നോട്ടീസ് ബോർഡുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിനു പകരം സ്ഥാപനങ്ങളുടെ പരിസരം വൃത്തിഹീനമാക്കുന്ന തരത്തിൽ പോസ്റ്ററുകളും ബാനറുകളും കെട്ടി പൊതുജനമദ്ധ്യത്തിൽ ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങളെക്കുറിച്ച് തെറ്റായ ധാരണ ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ സ്ഥാപന മേധാവികൾ അവരവരുടെ സ്ഥാപനങ്ങളിലെ ചുമരുകളിലും ക്യാമ്പസ്സുകളിലും സ്ഥാപിച്ചിട്ടുള്ള ഇത്തരത്തിലുള്ള പോസ്റ്ററുകളും ബാനറുകളും മാറ്റുന്നതിനുള്ള കർശന നടപടി സ്വീകരിക്കുന്നതിന് താൽപര്യപ്പെടുന്നു.

ഐ.എച്ച്.ആർ.ഡി.-യിലെ സർവ്വീസ് സംഘടനകൾ, പോസ്റ്ററുകളും, ബാനറുകളും, അവരവരുടെ നോട്ടീസ് ബോർഡുകളിൽ മാത്രമേ പതിക്കാൻ പാടുള്ളു എന്ന കർശന നിർദ്ദേശവും സംഘടനാ പ്രതിനിധികൾക്ക് സ്ഥാപന മേധാവികൾ നൽകേണ്ടതാണ്. പൊതുജനമദ്ധ്യത്തിൽ ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങളെ സംബന്ധിച്ച് തെറ്റായ ധാരണ ഉണ്ടാക്കുംവിധം ഉള്ള പോസ്റ്ററുകളും ബാനറുകളും സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്നതിൽ നിന്നും ജീവനക്കാർ പിന്തിരിയേണ്ടതാണ്.

ഈ സർക്കുലർ എല്ലാ ജീവനക്കാരുടെയും സംഘടനകളുടേയും അറിവിലേയ്ക്കായി ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ വരുന്ന സ്ഥാപന മേധാവികൾ നൽകുന്നതിനും താൽപര്യപ്പെടുന്നു.

ഡയറക്ടർ

എല്ലാ സ്ഥാപന മേധാവികൾക്കും

Copy to:- All Additional Directors
Administrative Officer
Finance Officer
All Section Heads (IHRD H.Q)
S.F. O.C.

*j-3-8-12*